# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
2014 ജൂണ്‍ 30, തിങ്കള്‍
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍ 317)

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | | ചോദ്യനമ്പര്‍ |
|---|---|---|
| മുഖ്യമന്ത്രി | : | 4931 മുതല്‍ 5002 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | 5003 മുതല്‍ 5053 വരെ |
| ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി | : | 5054 മുതല്‍ 5163 വരെ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി | : | 5164 മുതല്‍ 5247 വരെ |

### സെക്രട്ടേറിയറ്റില്‍ 'ഇ-ഫയലിംഗ്' പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ നടപടി

4931 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സെക്രട്ടേറിയറ്റില്‍ 'ഇ-ഫയലിംഗ്' നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ബി) 'മാന്വല്‍' ഫയലിംഗിലെ എല്ലാ ഓപ്ഷനുകളും 'ഇ-ഫയലിംഗില്‍' ഉറപ്പുവരുത്തിക്കൊണ്ടാണോ ആയത് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ;

(സി) സെക്ഷനുകളില്‍ നിന്ന് 'ഇ-ഫയല്‍' ചെയ്യുന്ന ഫയലുകള്‍ മുന്‍കാലങ്ങളില്‍ മാന്വല്‍ ഫയലുകളുടെ കാര്യത്തില്‍ ചെയ്യുന്നതുപോലെ സെര്‍ച്ച് ചെയ്യാനും ഏത് ഉദ്യോഗസ്ഥന്റെയടുത്താണെന്ന് ലൊക്കേറ്റ് ചെയ്യാനും കഴിയാതിരിക്കുന്ന സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) വളരെ അടിയന്തര പ്രാധാന്യവും ഗൗരവ സ്വഭാവമുള്ളതുമായ ഫയലുകള്‍ ഇപ്രകാരം കണ്ടെത്താനാകാതെ തടസ്സപ്പെട്ട് കിടക്കുന്ന സാഹചര്യം പരിഗണിച്ച് എത്രയും വേഗം ഈ തടസ്സങ്ങള്‍ പരിഹരിക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

ജനസമ്പർക്ക പരിപാടികളുടെ എണ്ണം

4932 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തവണ ജനസമ്പർക്ക പരിപാടികൾ നടത്തി;

(ബി) ഓരോ ജില്ലയിലും എത്ര തവണ നടത്തുകയുണ്ടായി; വിശദാംശം നൽകാമോ;

(സി) ഓരോ ജനസമ്പർക്ക പരിപാടിയിലും എത്ര പരാതികൾ രജിസ്റ്റർ ചെയ്തിരുന്നു; അതിൽ എത്ര തീർപ്പ് കൽപിച്ചു; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടത്തപ്പെട്ട ജനസമ്പർക്ക പരിപാടികൾ മുഖേന എത്ര രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തു; ജില്ലാടിസ്ഥാനത്തിൽ വിവരം നൽകാമോ;

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പ്</u>

4933 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിൽ (2 വർഷവും) ഓരോ ജില്ലയിലും ലഭിച്ച അപേക്ഷകൾ എത്രയായിരുന്നു എന്ന് വെളിപ്പെടുത്താമോ; അതിൽ എത്ര അപേക്ഷകൾക്ക് തീർപ്പുകൽപ്പിച്ചു; കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ജില്ലാതലത്തിൽ ഇതു സംബന്ധിച്ച അവലോകന യോഗങ്ങൾ കൃത്യമായി സംഘടിപ്പിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മാസത്തിൽ ഒരു തവണ ജില്ലാ വികസന സമിതി യോഗങ്ങൾ സംഘടിപ്പിക്കുന്നതുപോലെ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടിയിൽ തീർപ്പു കൽപിക്കാനുള്ള അപേക്ഷകൾ</u>

4934 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ 2-ാം ഘട്ടത്തിൽ ലഭിച്ച അപേക്ഷകളിൽ സംസ്ഥാനത്തൊട്ടാകെ എത്ര അപേക്ഷകളിൽ ഇനിയും തീർപ്പു കൽപ്പിക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) അപേക്ഷകളിൽ തീർപ്പു കൽപ്പിക്കാൻ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) തീർപ്പു കൽപ്പിക്കാനുള്ള അപേക്ഷകളിൽ എന്നത്തേക്ക് തീർപ്പു കൽപ്പിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടി രണ്ടാം ഘട്ടം</u>

4935 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ രണ്ടാം ഘട്ടത്തിലെ നിർദ്ദേശങ്ങൾ/നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഏതൊക്കെ നിയമങ്ങളിൽ/ചട്ടങ്ങളിലാണ് സാരമായ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയിലൂടെ സാമ്പത്തിക സഹായം</u>

4936 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്തവരിൽ എത്ര പേർക്ക് ഇനിയും സാമ്പത്തിക സഹായങ്ങൾ ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; ഈ സാമ്പത്തിക സഹായങ്ങൾ എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികൾ</u>

4937 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം പദ്ധതികളാണ് മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ സർക്കാറിന് സമർപ്പിച്ചിട്ടുള്ളത്;

(ബി) ഏതെല്ലാം നടപ്പിലാക്കി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) നിലവിൽ വന്നതിനുശേഷം സംസ്ഥാന സർക്കാർ എത്ര രൂപയാണ് കോർപ്പറേഷന് അനുവദിച്ചിട്ടുള്ളത്;

(ഡി) കോർപ്പറേഷനിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്;

(ഇ) അവരുടെ സേവന-വേതന വ്യവസ്ഥകൾ വ്യക്തമാക്കുമോ;

(എഫ്) മുന്നോക്ക സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്വന്തമായി വീടില്ലാത്തവർക്ക് വീട് വച്ച് നൽകാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ജി) മുന്നോക്ക സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ധനസഹായം നൽകുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(എച്ച്) മേൽപ്പറഞ്ഞ രണ്ട് നിർദ്ദേശങ്ങളിന്മേലും അനുകൂല നടപടി സ്വീകരിക്കുമോ;

(കെ) അഗ്രഹാരങ്ങൾ, അഗരങ്ങൾ എന്നിവ പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിക്കുന്നുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ സുതാര്യകേരളം സെല്ലുകൾ</u>

4938 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ജനങ്ങളുടെ പരാതി പരിഹരിക്കാൻ തുടങ്ങിയ സുതാര്യകേരളം സെല്ലുകളുടെ പ്രവർത്തനം നിലയ്ക്കുന്നതായി പരാതിയുണ്ടോ ;

(ബി) ജീവനക്കാരുടെ കരാറുകൾ മാർച്ച് - ഏപ്രിൽ മാസത്തോടെ അവസാനിച്ചിട്ടുണ്ടോ ; പുതിയ കരാറുനിയമനങ്ങൾ നടത്തി സെൽ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>മന്ത്രിതല സംഘങ്ങൾ</u>

4939 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ മന്ത്രിതല സംഘങ്ങൾ സംസ്ഥാന ആവശ്യങ്ങൾ ഉന്നയിച്ച് കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സംസ്ഥാനം നേരിടുന്ന ഏതെല്ലാം പ്രധാനപ്പെട്ട വിഷയങ്ങളാണ് സംഘം കേന്ദ്രമന്ത്രിമാരുടെ അനുമതിയ്ക്കായി സമർപ്പിച്ചതെന്നും ഏതെല്ലാം കാര്യങ്ങൾ സംസ്ഥാനത്തിന് അനുകൂലമായി അനുവദിയ്ക്കപ്പെട്ടു എന്നും വ്യക്തമാക്കുമോ;

(സി) മന്ത്രിതല സംഘങ്ങളുടെ സന്ദർശനത്തിനായി ഓരോ തവണയും ചെലവായ തുക എത്രയെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>കാബിനറ്റ് പരിഗണനയ്ക്ക് അജണ്ടയിൽ ഉൾപ്പെടുത്തിയ കുറിപ്പുകൾ</u>

4940 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ കാബിനറ്റ് പരിഗണനയ്ക്കായി അജണ്ടയിൽ ഉൾപ്പെടുത്തിവന്ന കുറിപ്പുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; 'ഔട്ട് ഓഫ് അജണ്ടയിൽ' പരിഗണനയ്ക്കുവന്ന കുറിപ്പുകൾ എത്ര;

(ബി) ഇവയിൽ ഓരോ ഇനത്തിലും തീരുമാനം എടുക്കാതെ മാറ്റിവെയ്ക്കപ്പെട്ട കുറിപ്പുകൾ എത്രയെന്നും തീരുമാനം കൈക്കൊണ്ടവ എത്രയെന്നും വ്യക്തമാക്കാമോ;

(സി) കാബിനറ്റ് തീരുമാനം എടുത്ത എത്ര കേസുകളിൽ പിന്നീട് തീരുമാനം ക്യാൻസൽ ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) കാബിനറ്റ് തീരുമാനം ഗവൺമെന്റ് ഉത്തരവായി പുറപ്പെടുവിച്ചിട്ടില്ലാത്തവ എത്ര; ഇവ ഏതെല്ലാം കാര്യങ്ങളുമായി ബന്ധപ്പെട്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) മന്ത്രിസഭാംഗങ്ങളിൽ ഓരോ മന്ത്രിമാരും 'ഔട്ട് ഓഫ് അജണ്ട'യായി കാബിനറ്റിൽ കൊണ്ടുവന്ന നിർദ്ദേശങ്ങൾ എത്ര വീതം; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>പൊതുവികസനാവശ്യങ്ങൾക്കായുള്ള നിവേദനങ്ങൾ</u>

4941 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് പൊതുവികസനാവശ്യങ്ങൾ മുൻനിർത്തി നിയമസഭാസാമാജികരിൽ നിന്നും മുഖ്യമന്ത്രിക്കും വിവിധ മന്ത്രിമാർക്കും എത്ര നിവേദനങ്ങൾ പരാതികൾ ലഭിച്ചിട്ടുണ്ട് എന്നത് വർഷം തിരിച്ച് വിശദമായി വ്യക്തമാക്കാമോ; ഇതിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും വെളിപ്പെടുത്തുമോ;

(ബി) കൊയിലാണ്ടി എം.എൽ.എ യിൽ നിന്നും മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും പൊതുവികസനാവശ്യം മുൻനിർത്തി എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടായിരുന്നു; അത് ഏതെല്ലാം ആവശ്യങ്ങൾക്കായിരുന്നു; വിശദമായി വ്യക്തമാക്കാമോ;

(സി) ലഭിച്ചിട്ടുള്ള ഈ അപേക്ഷകളിൽ / നിവേദനങ്ങളിൽ ഓരോന്നിലും മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) നടപടികൾ സ്വീകരിച്ച് അനുകൂലമായി തീർപ്പാക്കാൻ കഴിയാതിരുന്നതോ അനുകൂലമായി തീർപ്പാവാതിരുന്നതോ ആയ പരാതികൾ ഏവ; വിശദമാക്കാമോ;

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>എം.എൽ.എ.മാർക്ക് സർക്കാർ ഉത്തരവുകൾ നൽകാൻ നടപടി</u>

4942 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാർ മുഖേന വിവിധ വകുപ്പുകളിൽ നൽകുന്ന അപേക്ഷകളിൻമേലുള്ള തീർപ്പുകൾ, മണ്ഡലത്തിലെ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള സർക്കാർ ഉത്തരവുകൾ എന്നിവ ഇപ്പോൾ പല വകുപ്പുകളിൽനിന്നും ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എം.എൽ.എ.മാർ മുഖേന നൽകുന്ന വിവിധങ്ങളായ അപേക്ഷകളിൽ അപേക്ഷകനും എം.എൽ.എ.യ്ക്കും മറുപടി നൽകുന്നതിനും, സർക്കാർ ഉത്തരവുകൾ (മണ്ഡലവികസനത്തെ സംബന്ധിച്ചതും, പൊതുവായതും) എം.എൽ.എ.മാർക്ക് തപാൽ മുഖേനയോ, ഇ-മെയിൽ മുഖേനയോ കൃത്യമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ എല്ലാ സർക്കാർ ഉത്തരവുകളും പ്രത്യേകിച്ച് ജി.ഒ. (എം.എസ്.), ജി.ഒ. (പി) എന്നിവ പി.ആർ.ഡി.ക്ക് പകർപ്പ് നൽകി അവരുടെ സൈറ്റിൽ ഇഷ്യു ചെയ്യുന്ന തീയതിയിൽ തന്നെ പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>മിഷൻ 676</u>

4943 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 പദ്ധതി പ്രഖ്യാപിക്കുന്നതിന് മുമ്പ് ധന കാര്യ വകുപ്പിന്റെയോ ആസൂത്രണ ബോർഡിന്റെയോ അഭിപ്രായം തേടിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>'മിഷൻ 676'</u>

4944 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാരിന്റെ 'മിഷൻ 676' ൽ ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ ചുമതലയുള്ള ഏതൊക്കെ വകുപ്പുകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>ചിലവന്നൂർ കായൽ തീരത്ത് ഡി. എൽ. എഫ് കെട്ടിട സമുച്ചയം പണിയുന്നതിന് അനുമതി</u>

T4945 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിലവന്നൂർ കായൽ തീരത്ത് ഡി. എൽ. എഫ്–ന്റെ കെട്ടിട സമുച്ചയം പണിയുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കായൽ തീരത്ത് കെട്ടിട സമുച്ചയം പണിയുന്നതിന് തീരദേശ സംരക്ഷണ നിയമം പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ചിലവന്നൂർ കായൽ തീരത്ത് തീരദേശ സംരക്ഷണ നിയമം ലംഘിച്ച് ഏതെങ്കിലും നിർമ്മാണ പ്രവർത്തനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം നിർമ്മാണ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ നൽകുന്നതുമായി ബന്ധപ്പെട്ട് റിസർവ്വ് ബാങ്ക് നൽകിയിട്ടുളള നിർദ്ദേശങ്ങൾ</u>

T4946 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ബാങ്കുകൾ പ്രതി വർഷം നിക്ഷേപ ഇനത്തിൽ സമാഹരിക്കുന്നതും വിവിധ വായ്പ ഇനത്തിൽ വിതരണം ചെയ്യുന്നതുമായ തുകകൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാഭ്യാസ വായ്പ നൽകുന്നതുമായി ബന്ധപ്പെട്ട് റിസർവ്വ് ബാങ്ക് നൽകിയിട്ടുളള നിർദ്ദേശങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(സി) റിസർവ്വ് ബാങ്ക് നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പല ബാങ്കുകളും വായ്പയ്ക്കായി നിശ്ചിത ശതമാനം മാർക്കു വേണമെന്നും മാനേജ്മെന്റ് ക്വോട്ടയിൽ ലഭിച്ച അഡ്മിഷനാണെങ്കിൽ വായ്പ അനുവദിക്കുവാൻ കഴിയുകയില്ല എന്നും പറഞ്ഞ് വായ്പ നിഷേധിക്കുന്ന സംഭവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം നിബന്ധനകളിലൂടെ വായ്പ നിഷേധിക്കുന്ന ബാങ്കുകൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതിനായി ആരെയാണ് സമീപിക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

4947 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാ സിവിൽ സർവ്വീസ് മാതൃകയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ആരംഭിക്കുന്നതിന് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) നിലവിൽ സർക്കാർ സർവ്വീസിലുള്ളവർക്ക് പ്രയോജനകരമാവും വിധമാണോ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പ്രാവർത്തികമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>വിവരം നൽകാത്തതിന് സംസ്ഥാന</u>
<u>വിവരാവകാശ കമ്മീഷന്റെ നടപടികൾ</u>

4948 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരം നൽകാത്തതിന്റെ പേരിൽ സംസ്ഥാന വിവരാവകാശ കമ്മീഷൻ 2013-ൽ എത്ര ഉദ്യോഗസ്ഥർക്ക് പിഴ ശിക്ഷ വിധിച്ചിട്ടുണ്ട്; ശിക്ഷ വിധിച്ച അപ്പീൽ കേസുകൾ ഏതു വർഷങ്ങളിൽ രജിസ്റ്റർ ചെയ്തതാണെന്ന് വ്യക്തമാക്കുമോ;

(ബി) 2009-ൽ രജിസ്റ്റർ ചെയ്ത അപ്പീൽ പരാതികളിൽ എത്രയെണ്ണത്തിൽ ശിക്ഷ വിധിക്കാനും നടപ്പാക്കാനുമുണ്ടെന്ന് വിശദമാക്കുമോ;

(സി) കുറ്റക്കാരെന്ന് കണ്ടെത്തി നിയമാനുസൃതം ശിക്ഷ നടപ്പാക്കുമെന്ന് 2011-ൽ ഉത്തരവായ എത്ര കേസുകളിൽ ഇനിയും ശിക്ഷ നടപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; അത്തരം കേസുകൾ പെൻഡിംഗിലെങ്കിൽ 1050/(4)/എസ്.ഐ.സി/04 നമ്പർ അപ്പീൽ പരാതിയിൽ 3.02.2011-ലെ ഉത്തരവനുസരിച്ച് എന്ന്, എന്തു ശിക്ഷ ആരുടെ പേരിൽ നടപ്പാക്കിയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>എല്ലാ വകുപ്പുകളിലും സേനാവകാശ നിയമം</u>

4949 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എം. ഹംസ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ വകുപ്പുകളും സേവനാവകാശനിയമം ചട്ടം 6 പ്രകാരമുളള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ടി നിയമങ്ങളും ചട്ടങ്ങളും എല്ലാ സർക്കാർ സ്ഥാപനങ്ങളും പൂർണ്ണമായി പാലിക്കുന്നുവെന്ന് സർക്കാരിന് ഉറപ്പുണ്ടോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>സേവന സംവിധാനങ്ങൾ സ്വകാര്യവത്കരിക്കുന്നതിന് തീരുമാനം</u>

4950 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്കായി നൽകിവരുന്ന സേവന സംവിധാനങ്ങൾ സ്വകാര്യവത്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇതിൽ ഏതെല്ലാം പൊതു/ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നതിന്റെ വിശദാംശം അറിയിക്കുമോ;

(സി) ഭാരിച്ച സർവ്വീസ് ചാർജ്ജുകളും മറ്റും ഈടാക്കി ജനത്തിന് ബുദ്ധിമുട്ടുണ്ടാകാനിടയുള്ള സാഹചര്യം ഒഴിവാക്കുന്നതിനായി ഇത്തരം സേവന സംവിധാനങ്ങൾ സർക്കാർ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നീക്കം ഉപേക്ഷിക്കാൻ തയ്യാറാകുമോ; നിലവിലുള്ള സർക്കാർ സംവിധാനങ്ങളെ ശാക്തീകരിച്ച് സേവന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ശ്രമമുണ്ടാകുമോ?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

## സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ഔട്ട്സോഴ്സിംഗ്

4951 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രവർത്തനങ്ങളിന്മേൽ ഔട്ടസോഴ്സിംഗ് ഒരു നയമായി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്താണ് സർക്കാർ നയം;

(ബി) ഏതെങ്കിലും സർക്കാർ ഓഫീസിലെ ഏതെങ്കിലും പദ്ധതി ഔട്ട്സോഴ്സ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജുകളിലെ തസ്തികകളിൽ ഒരു നിശ്ചിത ശതമാനം ഒഴിവുകൾ ഔട്ട്സോഴ്സിംഗ് വഴി നികത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) താല്ക്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം നികത്തണമെന്ന് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ നിർദ്ദേശം സംസ്ഥാനത്തെ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാണോ. സ്വയംഭരണ സ്ഥാപനങ്ങൾ ഇത് നടപ്പാക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിലെ കേരളത്തിന്റെ ഭൂമി</u>

4952 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് കേരള സംസ്ഥാനത്തിന് ഭൂസ്വത്തുക്കൾ ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ടി സ്വത്തുക്കളുടെ വിസ്തൃതി, ഓരോ സ്വത്തുക്കളുടെയും കസ്റ്റോഡിയൻമാരായിട്ടുള്ള ഉദ്യോഗസ്ഥൻമാർ സ്വത്തുക്കളുടെ ഇപ്പോഴത്തെ അവസ്ഥ എന്നിവ വിശദമാക്കുമോ;

(സി) ടി സ്വത്തുകൾ ഓരോന്നും കേരളത്തിന്റെ കൈവശത്തിലും ഉടമസ്ഥതയിലും വന്നു ചേർന്നത് ഏത് വർഷത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ടി സ്വത്തുക്കൾക്ക് നിയമാനുസൃതമായ പ്രമാണങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയവ ആരാണ് സൂക്ഷിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

**വണികവൈശ്യസംഘം കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി നൽകിയ നിവേദനം**

4953 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വണികവൈശ്യസംഘം ഉൾപ്പെടെയുള്ള സംഘടനകൾ കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി മുഖ്യമന്ത്രിക്ക് നൽകിയ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

<u>വൈകുണ്ഠസ്വാമിക്ക് സ്മാരകം</u>

4954 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈകുണ്ഠസ്വാമിക്ക് തലസ്ഥാനത്ത് സ്മാരകം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് വി.എസ്.ഡി.പി.യുടെ നിവേദനം മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) സ്മാരകം അടിയന്തിരമായി നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

<u>2011 ജനുവരി 1–ന് ശേഷം സർക്കാർ സർവ്വീസിർ നിന്ന് റിട്ടയർ ചെയ്ത ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എണ്ണം</u>

4955 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജനുവരി 1–ന് ശേഷം നാളിതുവരെ സർക്കാർ സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്ത ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(ബി) ഇതേ കാലയളവിൽ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എയ്ഡഡ് സ്ഥാപനത്തിലേതുൾപ്പെടെ പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ മൊത്തം എണ്ണം വ്യക്തമാക്കുമോ;

(സി) ഇതേ കാലയളവിൽ പി.എസ്.സി വഴി പുതുതായി നിയമനം ലഭിച്ചവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകളിൽ താൽക്കാലിക ജീവനക്കാർ</u>

4956 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ഓഫീസുകളിൽ 10 വർഷക്കാലത്തിലേറെയായി താൽക്കാലിക ജീവനക്കാരായി ജോലി നോക്കിവരുന്ന എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം ജോലി ചെയ്തുവരുന്ന ചില ജീവനക്കാരെ സ്ഥിരപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇത്തരത്തിൽ ചില താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും എന്നാൽ മറ്റു ചിലരെ സ്ഥിരപ്പെടുത്താതിരിക്കുകയും ചെയ്യുന്നത് മുനഷ്യാവകാശ ലംഘനവും അനീതിയുമാണെന്ന് തിരിച്ചറിഞ്ഞ് ഈ വിവേചനം അവസാനിപ്പിച്ച് പ്രസ്തുത ജീവനക്കാരെക്കൂടി സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>പെൻഷൻകാർക്ക് സൗജന്യ ചികിത്സാ പദ്ധതി</u>

4957 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽനിന്ന് വിരമിച്ചവർക്ക് സൗജന്യ ചികിത്സാ പദ്ധതി നടപ്പിലാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) സൗജന്യ ചികിത്സാ പദ്ധതിക്കുള്ള ഉത്തരവ് ഈ സമ്മേളനകാലയളവിൽ പ്രസിദ്ധീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>പെൻഷൻകാർക്ക് ക്ഷാമബത്ത കുടിശ്ശിക പൂർണ്ണമായി നൽകാൻ നടപടി</u>

4958 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ പെൻഷൻകാർക്ക് കുടിശ്ശിക ക്ഷാമബത്ത 23-12-2013-ൽ തവണകളായി അനുവദിച്ചത് സംബന്ധിച്ചുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രായാധിക്യവും രോഗങ്ങളും നിമിത്തം ദുരിതമനുഭവിക്കുന്ന പെൻഷൻകാർക്ക് അർഹമായ ക്ഷാമബത്ത ഒറ്റത്തവണയായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>പൊതു സേവനത്തിലെ നൂതനാശയങ്ങൾക്ക് പുരസ്കാരം</u>

4959 ശ്രീ. വി.പി സജീന്ദ്രൻ
,, എ. റ്റി. ജോർജ്
,, സി. പി. മുഹമ്മദ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുസേവനത്തിനുള്ള നൂതനാശയങ്ങൾക്ക് പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സംരംഭങ്ങൾക്കാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പുരസ്കാരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിന് മുമ്പിലും പരിസരത്തും</u>
<u>സമരം ഒഴിവാക്കാനുള്ള നടപടി</u>

4960 ശ്രീ. എ.റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, എം.പി. വിൻസെന്റ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിന് മുമ്പിലും പരിസരത്തും സമരം ഒഴിവാക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ തയ്യാറാക്കി രാഷ്ട്രീയ പാർട്ടികൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സെക്രട്ടേറിയറ്റിന് മുമ്പിലും പരിസരത്തുമുള്ള സമരം ജനത്തെ ബുദ്ധിമുട്ടിക്കാത്ത വിധം ക്രമീകരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നിർദ്ദേശത്തിലുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് രാഷ്ട്രീയ കക്ഷികളുടെ സർവ്വകക്ഷി യോഗത്തിൽ അഭിപ്രായ സമന്വയം ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>സർക്കാർ മേഖലയിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഒഴിവുകൾ</u>

T4961 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ജീവനക്കാർ സർക്കാർ മേഖലയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വകുപ്പുകളിലെ എത്ര ശതമാനം ഒഴിവുകളാണ് പട്ടികവർഗ്ഗക്കാർക്കായി നീക്കിവച്ചിട്ടുള്ളത്;

(സി) ഇതിൽ എത്ര ശതമാനമാണ് പട്ടികവർഗ്ഗക്കാർക്ക് നിലവിൽ ലഭ്യമായിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) നിർണ്ണയിക്കപ്പെട്ട മുഴുവൻ തസ്തികകളും പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നതിന് എന്തൊക്കെയാണ് പ്രതിബന്ധങ്ങളെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>സിവിൽ സർവ്വീസ് അഴിമതിരഹിതവും കാര്യക്ഷമവുമാക്കുന്നതിനായുള്ള നടപടികൾ</u>

4962 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസ് അഴിമതി രഹിതവും കാര്യക്ഷമവുമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഴിമതി കണ്ടെത്താനായി എല്ലാ വകുപ്പുകളിലുമായി വിജിലൻസ് ഉൾപ്പെടെയുള്ള എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ട്;

(സി) ഈ സർക്കാർ വന്നശേഷം നാളിതുവരെ എന്തു തുക ഇപ്രകാരം പിടിച്ചെടുത്തിട്ടുണ്ട്; ഇതിൽ കുറ്റക്കാരായി എത്ര ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ട്; അവർ ആരെല്ലാം; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ഡി) കൈക്കൂലി വാങ്ങിയതിന് കുറ്റക്കാരനായി കണ്ടെത്തിയ ഐ.പി.എസ് ഉദ്യോഗസ്ഥൻ രാഹുൽ.ആർ. നായർ ഉൾപ്പെടെ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉൾപ്പെടെ എത്ര ഉദ്യോഗസ്ഥർക്ക് ഈ സർക്കാർ പുനർ നിയമനം നൽകിയിട്ടുണ്ട്, അവർ ആരെല്ലാം; എവിടെയൊക്കെയാണ് നിയമനം നൽകിയിത്; വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ വന്നശേഷം അഴിമതിക്കാരായ എത്ര ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും പുറത്താക്കിയിട്ടുണ്ട്; അവർ ആരെല്ലാം; വകുപ്പുകൾ ഏതെല്ലാം; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

**ഐ. എ.എസ്, ഐ. പി. എസ്, ഐ. എഫ്. എസ്, ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ**

4963 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ഐ. എ. എസ്./ഐ. പി. എസ്./ഐ. എഫ്. എസ്. ഉദ്യോഗസ്ഥർ കേന്ദ്ര സർവീസിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്; ബന്ധപ്പെട്ടവരുടെ പേരുൾപ്പെടെ വിശദാംശങ്ങൾ നൽകുമോ;

(ബി) നിലവിൽ ഇപ്രകാരം ഡെപ്യൂട്ടേഷനിൽ പോകുന്നതിനുള്ള എത്ര അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്; അപേക്ഷകരുടെ പേരുൾപ്പെടെ വിശദാംശങ്ങൾ നൽകുമോ;

(സി) ഐ. എ. എസ്/ഐ. പി. എസ്/ഐ. എഫ്. എസ് കേഡറിലുള്ളവരെ നിയമിക്കേണ്ടതായ എത്ര ഒഴിവുകൾ സംസ്ഥാനത്തുണ്ട്?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>അഴിമതി കേസ്സിൽ ഉൾപ്പെട്ട ഐ.എ.എസ്. ഉദ്യോഗസ്ഥർമാർ</u>

4964 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ കേഡറിൽ ജോലി നോക്കിവരുന്ന ഐ.എ.എസ് ഉദ്യോഗസ്ഥരിൽ ആരുടെയെല്ലാം പേരിൽ അഴിമതിക്കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുമോ;

(ബി) അഴിമതിയുമായി ബന്ധപ്പെട്ട് ഏത്ര പേരുടെ പ്രൊമോഷൻ തടഞ്ഞുവയ്ക്കപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം പേരുൾപ്പെടെ വ്യക്തമാക്കുമോ;

(സി) കേന്ദ്ര ഡെപ്യൂട്ടേഷനിലേയ്ക്ക് പോകുന്നതിലേയ്ക്ക് അപേക്ഷിച്ചിട്ടുള്ളവരുടെ വിവരം ലഭ്യമാക്കാമോ;

(ഡി) ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>ജില്ലാതല അദാലത്തുകൾ</u>

4965 ശ്രീ. പാലോട് രവി
,, ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) പരാതികൾ കേൾക്കാനും അവയ്ക്ക് പരിഹാരം കാണാനും എന്തെല്ലാം കാര്യങ്ങളാണ് അദാലത്തുകളിൽ ഒരുക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

<u>ശാസ്ത്ര കോൺഗ്രസ്സ്</u>

4966 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ശാസ്ത്ര കോൺഗ്രസ്സ് സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത കോൺഗ്രസിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതിൽ പങ്കെടുത്തത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ</u>
<u>തടയുന്നതിന് പ്രത്യേക കോടതി</u>

T4967 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള 2012 ലെ നിയമപ്രകാരം ഇത്തരം കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിന് ജില്ലകളിൽ പ്രത്യേക കോടതി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതുപ്രകാരം ഏതൊക്കെ ജില്ലകളിൽ കോടതി സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാർക്ക് പെർഫോമെൻസ് മോണിറ്ററിംഗ് സിസ്റ്റം</u>

4968 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് പെർഫോമെൻസ് മോണിറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഓരോ വകുപ്പിലെയും ജീവനക്കാരുടെ പെർഫോമെൻസ് മോണിട്ടർ ചെയ്യുന്നതിനായി ഒരു വകുപ്പതല സമിതിയെ
ചുമതലയേൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെർഫോമെൻസ് അസ്സെസ് ചെയ്യുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുള്ളത്; വിശദാംശം നൽകുമോ;

(ഡി) ഓരോ ജീവനക്കാരനും പെർഫോമെൻസ് ടാർജറ്റ് നിശ്ചയിച്ചു നൽകുകയും അത് അച്ചീവ് ചെയ്തു എന്നുറപ്പുവരുത്തുകയും ചെയ്യാൻ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടുകൂടി നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

ഓഫീസ് സമയത്ത് സർക്കാർ ഉദ്യോഗസ്ഥരുടെ
മൊബൈൽ ഫോൺ ഉപയോഗം

4969 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓഫീസ് സമയത്ത് സർക്കാർ ഉദ്യോഗസ്ഥർ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഇപ്പോഴും പരാതികൾ ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പല സർക്കാർ ഓഫീസുകളിലും ലാൻഡ് ഫോണിൽ വിളിച്ചാൽ ഫോൺ എടുക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ വകുപ്പുതല പ്രൊമോഷൻ</u>

4970 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 10 ശതമാനം വകുപ്പുതല പ്രൊമോഷൻ നൽകാനുള്ള ഉത്തരവുപ്രകാരം എല്ലാ വകുപ്പുകളിലും ഇതുമായി ബന്ധപ്പെട്ട സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നാളിതുവരെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാത്ത വകുപ്പുകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഉത്തരവുപ്രകാരം പ്രൊമോഷൻ നൽകിയ വകുപ്പുകളെ സംബന്ധിച്ച വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

<u>പി.എസ്.സി. നിയമനങ്ങൾ</u>

4971 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ കാറ്റഗറികളിലായി പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടന്നു; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എത്ര പേർ എൻ.പി.എസ്.ന്റെ പരിധിയിൽ ഉൾപ്പെടുന്ന ജീവനക്കാരാണ് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു നിയമനങ്ങൾക്ക് പ്രായപരിധി

4972 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി. വഴി അപേക്ഷ അയയ്ക്കുന്നതിനുള്ള പ്രായപരിധി ഉയർത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയുള്ള നിയമനങ്ങൾക്ക് പ്രായപരിധി ഉയർത്തി ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന പാർട്ട്ടൈം തസ്തികകളിലേക്കുള്ള നിയമനത്തിന്റെ പ്രായപരിധി ഉയർത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പാർട്ട് ടൈം തസ്തികകളിലേക്ക് നിയമിക്കപ്പെടുന്നതിനുള്ള പ്രായപരിധി ഉയർത്തിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

ബിവറേജസ് കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ നിയമനം

4973 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/പ്യൂൺ തസ്തികയിലെ നിയമനത്തിനായി പി.എസ്.സി അവസാനമായി വിജ്ഞാപനം പുറപ്പെടുവിച്ച്, നിയമന പട്ടിക തയ്യാറാക്കിയത് എന്നാണ്;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര ഉദ്യോഗാർത്ഥികളെ നിയമിച്ചുവെന്നും എത്ര പേരെ ഇനി നിയമിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പി.എസ്. സി ലിസ്റ്റ് നിലവിലുള്ളപ്പോൾ തന്നെ മറ്റ് വകുപ്പുകളിൽ നിന്ന് ഈ തസ്തികയിലേക്ക് ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>പി.എസ്.സി നടത്തുന്ന ഒ.എം.ആർ പരീക്ഷകൾ</u>

4974 ശ്രീ. എം. എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി നടത്തുന്ന ഒ.എം.ആർ പരീക്ഷകളിൽ നെഗറ്റീവ് മാർക്ക് കണക്കാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നെഗറ്റീവ് മാർക്ക് കണക്കാക്കുമ്പോൾ ഉണ്ടാകുന്ന അപാകതകൾ പരിഹരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇതിനായി പുതിയ സോഫ്റ്റ് വെയർ ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

പി.എസ്.സി. നിയമനങ്ങൾ വേഗത്തിലാക്കാൻ നടപടി

4975 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

നിലവിലെ റാങ്ക് ലിസ്റ്റുകളുടെ കാലയളവിനുള്ളിൽ നിലവിൽ നടന്നതിനേക്കാൾ കൂടുതൽ പേർക്ക് മുൻ റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നൽകിയിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യിക്കുവാനും നിയമനം നടത്തുവാനും അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

പി. എസ്. സി. റാങ്കുലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ നടപടി

4976 ശ്രീ. സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്.സി യുടെ റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കുമോ;

(ബി) ഇതിനുള്ള മാർഗ്ഗരേഖകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഉദ്യോഗാർത്ഥികളെ റാങ്ക് പട്ടികയിൽ താത്കാലിക അടിസ്ഥാനത്തിൽ ഉൾപ്പെടുത്തുന്ന രീതി അവസാനിപ്പിച്ച് അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് പ്രസ്തുത മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ പി. എസ്. സി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് മുസ്ലിം-ധീവര-എൻ.സി.എ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ</u>

4977 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് മുസ്ലീം-ധീവര- എൻ.സി.എ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് അഡൈ്വസ് നൽകിയിട്ടുണ്ട്;

(സി) അഡൈ്വസ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നാളിതുവരെയും നിയമന ഉത്തരവ് ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമന ഉത്തരവ് നൽകാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് എന്നത്തേക്ക് നിയമന ഉത്തരവ് നൽകാനാകും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

എച്ച്.എസ്.എ. (മലയാളം) റാങ്ക്‌ലിസ്റ്റിൽ നിന്നുള്ള നിയമനം

4978 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എച്ച്. എസ്. എ. (മലയാളം) യുടെ തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള റാങ്ക്‌ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചത് എന്നാണ്;

(ബി) എത്ര പേരുടെ ലിസ്റ്റാണ് പ്രസിദ്ധീകരിച്ചത്; ഇതിൽ നിന്ന് എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(സി) ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊടുത്തത് എന്നാണ്; എന്നുവരെയാണ് കാലാവധി നീട്ടിയത്; കാലാവധി നീട്ടിക്കൊടുത്ത ശേഷം എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്;

(ഇ) ഹിന്ദി, ഇംഗ്ലീഷ്, സോഷ്യൽ സ്റ്റഡീസ് എന്നീ വിഷയങ്ങൾക്ക് 40% ഓപ്പൺ മെറിറ്റിൽ നിന്ന് നിയമിക്കുന്നതുപോലെ മലയാളത്തിനും ആയത് 40% ആക്കി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) നിലവിലുള്ള ലിസ്റ്റിൽ നിന്ന് എച്ച്. എസ്. എ. മലയാളം അധ്യാപകരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും (അവരെ) നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ജി) നിലവിലുള്ള ലിസ്റ്റിൽ നിന്ന് വളരെ കുറച്ച് നിയമനങ്ങൾ മാത്രം നടന്നിട്ടുള്ളതിനാൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(എച്ച്) മറ്റു വിഷയങ്ങൾക്ക് ഓപ്പൺ മെറിറ്റിലുള്ള 40% ത്തിന് പുറമേ ബൈ ട്രാൻസ്ഫർ പ്രമോഷൻ വേക്കൻസിയിൽ 10% ആളുകൾ ഇല്ലാതെ വന്നാൽ മെയിൻ റാങ്ക്‌ലിസ്റ്റിൽ നിന്ന് നിയമിക്കുന്ന രീതി മലയാളം എച്ച്.എസ്.എ ക്ക് കൂടി ബാധകമാക്കുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>കോട്ടയം ജില്ലയിൽ വനിതാ എക്സൈസ് ഗാർഡുമാരുടെ ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ</u>

4979 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ വനിതാ എക്സൈസ് ഗാർഡുമാരുടെ ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമന ശുപാർശ നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) 31.05.2014 വരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) പ്രസ്തുത ഒഴിവുകൾ നികത്താൻ ഉടൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

കൊല്ലം ജില്ലയിലെ എൽ.ഡി. ക്ലർക്ക് നിയമനം

4980 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എൽ.ഡി. ക്ലർക്ക് നിയമനം ഇതര ജില്ലകളെ അപേക്ഷിച്ച് കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) എൽ.ഡി. ക്ലർക്ക് നിയമനത്തിലെ കുറവ് പരിഹരിക്കുവാൻ റാങ്ക് പട്ടികയുടെ കാലാവധി നീട്ടുകയോ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയോ ചെയ്യുന്നത് പരിഗണനയിലുണ്ടോ;

(സി) എൽ.ഡി. ക്ലർക്ക് തസ്തികകയുടെ അന്തർജില്ലാ സ്ഥലം മാറ്റം കൊല്ലം ജില്ലയിൽ നിർദ്ദിഷ്ട ശതമാനത്തിലും അധികരിച്ച് നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തദ്ദേശ സ്വയംഭരണ വകുപ്പിലെ (എഞ്ചിനീയറിംഗ് വിംഗ്) പുതിയ കേഡർ ക്രിയേഷൻ എന്നത്തേക്ക് ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(ഇ) കൊല്ലം ജില്ലയിൽ എൽ.ഡി. ക്ലർക്ക് നിയമനത്തിൽ ഉണ്ടായ കുറവ് പരിഹരിക്കുന്നതിനായി സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പുതിയ എൽ.ഡി.ക്ലർക്ക് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>വനിതാ എക്സൈസ് ഗാർഡ് നിയമനം</u>

4981 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതാ എക്സൈസ് ഗാർഡ് തസ്തികയിലേക്കുള്ള നിയമനത്തിനായി പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട്; പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ സംസ്ഥാനത്ത് ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് പുതിയതായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>എച്ച്.എസ്.എ. (ഗണിതശാസ്ത്രം) തസ്തികയിലെ നിയമനം</u>

4982 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ. (ഗണിതശാസ്ത്രം) തസ്തികയിലേക്ക് ഏറ്റവും ഒടുവിൽ പി.എസ്.സി. അപേക്ഷ ക്ഷണിച്ചത് എന്നാണ്; കാറ്റഗറി നമ്പർ ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) പരീക്ഷ എന്നത്തേക്ക് നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് എന്നത്തേക്ക് നിയമനം നടത്താനാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>എൽ. പി. എസ്.എ/യു. പി. എസ്.എ റാങ്ക് ലിസ്റ്റ്</u>

4983 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ. പി. എസ്.എ/യു. പി. എസ്.എ അദ്ധ്യാപക നിയമനത്തിനുള്ള കെ. പി. എസ്. സി.യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; ലിസ്റ്റിൽ നിന്ന് ഇതിനകം എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് തുടങ്ങിയ കാര്യങ്ങൾ വിശദമാക്കുമോ;

(ബി) ശേഷിക്കുന്ന കാലാവധിക്കുള്ളിൽ കൂടുതൽ നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ഹോമിയോപ്പതി മെഡിക്കൽ ഓഫീസർ റാങ്ക് ലിസ്റ്റ്</u>

4984 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 387/2008 പ്രകാരമുള്ള ഹോമിയോപ്പതി മെഡിക്കൽ ഓഫീസർമാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്കാണ് ഇതു വരെ നിയമനം നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കുമെന്നും ഇനി എത്ര പേർക്ക് നിയമനം നൽകാനാകുമെന്നും വിശദമാക്കുമോ;

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>റേഡിയോഗ്രാഫർ തസ്തികയുടെ റാങ്ക് ലിസ്റ്റ്</u>

4985 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഡിയോഗ്രാഫർ തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) പാരാമെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ഇല്ലാത്ത സ്ഥാപനങ്ങളിൽ പഠിച്ച ഉദ്യോഗാർത്ഥികളും പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ യോഗ്യതകൾ</u>

4986 ശ്രീമതി. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പി.എസ്.സി ഏതെല്ലാം തസ്തികകളിലെ നിയമനങ്ങൾക്കാണ് മുൻകാല നിയമന വ്യവസ്ഥകളിലും മിനിമം പഠന യോഗ്യതയിലും മാറ്റം വരുത്തി അപേക്ഷ ക്ഷണിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ;

(ബി) ഇവയിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള നിയമനത്തിന് പുരുഷ ഉദ്യോഗാർത്ഥികൾക്കുള്ള മിനിമം യോഗ്യത എന്താണ്; വനിതാ ഉദ്യോഗാർത്ഥികൾക്കുള്ള മിനിമം യോഗ്യത എന്താണ്; വ്യക്തമാക്കുമോ;

(സി) ഒരേ തൊഴിൽ ചെയ്യുന്ന ഒരേ തസ്തികയിലേക്ക് പുരുഷ ഉദ്യോഗാർത്ഥിക്കും വനിതാ ഉദ്യോഗാർത്ഥിക്കും രണ്ട് തരത്തിലുള്ള യോഗ്യതാ മാനദണ്ഡം നിശ്ചയിച്ചതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പി.എസ്.സി വിജ്ഞാപനം റദ്ദു ചെയ്ത് യോഗ്യത തുല്യമാക്കി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**30.06.2014-ലെ മറുപടിക്ക്**

2013 ഏപ്രിൽ ഒന്നു മുതൽ സർവീസിൽ കയറിയവരുടെ പെൻഷൻ പ്രായം

4987 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ1 മുതൽ സർവ്വീസിൽ കയറുന്നവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ ;

(ബി) ഇതിനനുസരിച്ച് സർവ്വീസിൽ കയറുന്നതിനുള്ള കൂടിയ പ്രായപരിധിയും വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ സർവ്വീസിൽ കയറുന്നതിനുള്ള കൂടിയ പ്രായപരിധി 40 വയസ്സാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; അതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇന്ത്യയിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നിലനിൽക്കുന്ന സംസ്ഥാനങ്ങളിലെ പെൻഷൻ പ്രായവും സർവ്വീസിൽ കയറുന്നതിനുള്ള കൂടിയ പ്രായപരിധിയും എത്രയാണെന്ന്
അറിയാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>വിജിലൻസ് അന്വേഷണവും പെൻഷൻ ആനുകൂല്യങ്ങളും</u>

4988 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽനിന്ന് വിരമിച്ച ഒരു ജീവനക്കാരന്റെ പേരിൽ എഫ്. ഐ. ആർ എടുത്ത് വിജിലൻസ് അന്വേഷണം നടക്കുന്നു എന്ന കാരണത്താൽ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞു വെക്കാറുണ്ടോ;

(ബി) എങ്കിൽ ഏതു നിയമപ്രകാരമാണ് അങ്ങനെ ചെയ്യുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(സി) എത്ര കാലം ഇങ്ങനെ വയ്ക്കാനാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>സർക്കാർ വകുപ്പുകളിലെ അധിക തസ്തികകൾ</u>

4989 ശ്രീ. വി. ശിവൻകുട്ടി
,, എ.എം. ആരിഫ്
,, കെ.വി. വിജയദാസ്
,, ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ അധിക തസ്തികകൾ നിലവിലുണ്ടോ എന്ന് കണ്ടെത്തുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം കണ്ടെത്തിയ അധിക തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കണ്ടെത്തിയ അധിക തസ്തികകളിൽ നിന്ന് പുതുതായി സൃഷ്ടിച്ച തസ്തികകളിലേക്ക് നിയമനം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അപ്രകാരം സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കുമോ;

(ഇ) തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിന് വകുപ്പടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ</u>

4990 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 01-06-2014-ൽ കോഴിക്കോട് ജില്ലയിൽ വിവിധ വകുപ്പുകളിലായി എൽ.ഡി.ക്ലാർക്ക് തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എൽ.ഡി. ക്ലാർക്കിന്റെ തസ്തിക സൃഷ്ടിക്കാൻ സർക്കാരിന്റെ പരിഗണനയിലുള്ള എൽ.എസ്.ജി.ഡി., ഗ്രാമവികസനം, ഹയർ സെക്കണ്ടറി സ്ക്കൂളുകൾ തുടങ്ങിയവയിലെയും പുതുതായി തുടങ്ങിയ സർക്കാർ കോളേജുകളിലെയും എൽ.ഡി. ക്ലാർക്ക് തസ്തികകളുടെ ഒഴിവുകൾ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്ന് നികത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

ഹോമിയോപ്പതി മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ

4991 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോമിയോപ്പതി മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ഹയര്‍ സെക്കന്ററി(സുവോളജി) അധ്യാപകരുടെ ഒഴിവുകള്‍</u>

4992 ശ്രീ. ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിലവില്‍ ഹയര്‍ സെക്കന്ററി (സുവോളജി) അധ്യാപകരുടെ നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കില്‍ പ്രസ്തുത ലിസ്റ്റില്‍ നിന്ന് എത്ര ഉദ്യോഗാര്‍ത്ഥികള്‍ക്ക് നിയമനം നല്‍കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തൊട്ടാകെ പ്രസ്തുത തസ്തികയില്‍ എത്ര ഗസ്റ്റ് അധ്യാപകര്‍ സേവനമനുഷ്ഠിക്കുന്നു എന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകള്‍ പി.എസ്.സി.ക്ക് റിപ്പോര്‍ട്ട് ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

ഡ്രൈവര്‍ ഗ്രേഡ് II തസ്തികയിലെ ഒഴിവുകള്‍

4993 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികള്‍, കോര്‍പ്പറേഷനുകള്‍, ബോര്‍ഡുകള്‍, അതോറിറ്റികള്‍, സൊസൈറ്റികള്‍ എന്നിവിടങ്ങളില്‍ എത്ര ഡ്രൈവര്‍ ഗ്രേഡ് II തസ്തികകള്‍ ഉണ്ടെന്ന് ഇനം തിരിച്ചുള്ള കണക്ക് നല്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളില്‍ ഒഴിവുള്ള ഡ്രൈവര്‍ ഗ്രേഡ് II തസ്തികകള്‍ എത്രവീതമുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ തസ്തികയിലേക്കുള്ള നിയമനത്തിനായി പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോയെന്ന് അറിയിക്കുമോ; പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ ഒഴിവുകള്‍ പി.എസ്.സിക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടോ; എങ്കില്‍ റിപ്പോര്‍ട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ;

(ഇ) ഡ്രൈവര്‍ ഗ്രേഡ് II തസ്തികയുടെ നിലവിലുള്ള ഒഴിവുകള്‍ പി.എസ്.സി ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടില്ലെങ്കില്‍ എന്തുകൊണ്ടാണ് അവ റിപ്പോര്‍ട്ട് ചെയ്യാതിരിക്കുന്നതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>ദുരിതാശ്വാസനിധി സഹായധനം വര്‍ദ്ധിപ്പിക്കാന്‍ നടപടി</u>

T4994 ശ്രീ. എ. എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയില്‍ നിന്ന് റവന്യൂ വകുപ്പിന് അനുവദിക്കാവുന്ന പരമാവധി തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക വര്‍ദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിൽ നിന്ന് കാസർഗോഡ് ജില്ലയിൽ അനുവദിച്ച തുക</u>

4995 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര കോടി രൂപ കാസർഗോഡ് ജില്ലയിൽ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക അനുവദിച്ചത് എത്ര പേർക്കെന്നും ഏതൊക്കെ മണ്ഡലത്തിലാണെന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിൽ അനുവദിച്ച ദുരിതാശ്വാസ ധനസഹായം</u>

4996 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡല പരിധിയിൽ ഈ സർക്കാർ വന്നതിന് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എന്തു തുക അനുവദിച്ചിട്ടുണ്ട്;

(ബി) അനുവദിച്ചതിൽ എത്രപേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്; എന്ന് അറിയിക്കുമോ;

(സി) ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കുന്ന തുക വിതരണം ചെയ്യുന്നതിൽ സംഭവിക്കുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>അനുവദിച്ച ധനസഹായം ലഭ്യമാക്കാൻ നടപടി</u>

4997 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ ഇളമാട് വില്ലേജിൽ അർക്കന്നൂർ ചരുവിള പുത്തൻവീട്ടിൽ അജിൻ വാഹനാപകടത്തിൽ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് പിതാവ് കുഞ്ഞുപിള്ളയുടെ അപേക്ഷ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് 02.09.2013-ലെ 28410/ഡി.ആർ.എഫ്./സി.എം./2013 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച ഒരു ലക്ഷം രൂപ ഇതുവരെയും ലഭ്യമാകാത്തത് എന്ത് കാരണത്താലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ധനസഹായം എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാൻ പ്രത്യേക പാക്കേജ്</u>

4998 ശ്രീ. ഇ.പി. ജയരാജൻ
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
=

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി

സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാൻ പ്രത്യേക പാക്കേജ് അനുവദിക്കുമെന്ന മുൻ പ്രധാനമന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട പാക്കേജിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പാക്കേജിൽ സംസ്ഥാന സർക്കാർ പ്രധാനമായും ഉൾപ്പെടുത്തിയ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; അവയെല്ലാം അനുവദിക്കുകയുണ്ടായോ; ആവശ്യപ്പെട്ട തുകയും ലഭിച്ച തുകയും സംബന്ധിച്ച് വിശദമാക്കുമോ;

(സി) എൻഡോസൾഫാൻമൂലം മാറാരോഗബാധിതനാവുകയും ആനൂകൂല്യങ്ങളൊന്നും ലഭിക്കാതിരിക്കുകയും ചെയ്ത കാസർഗോഡ് ചെറുവത്തൂരിലെ കാർത്തിക്കിനൊപ്പം മാതാപിതാക്കളും ജീവനൊടുക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എൻഡോസൾഫാൻ ദുരിതബാധിതരുടെ ആത്മഹത്യകൾ ഇനിയുമുണ്ടാകാതിരിക്കാൻ പ്രസ്തുത പാക്കേജ് ഉടൻ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള ആശ്വാസ ധനം

4999 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള പെൻഷനും രോഗികളെ ശുശ്രൂഷിക്കുന്നവർക്കുള്ള ആശ്വാസധനവും നിലവിൽ ഏതെല്ലാം പഞ്ചായത്തുകളിലെ എത്ര ദുതിതബാധിതർക്കും സഹായികൾക്കും ലഭിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ദേശീയ മനുഷ്യാവകാശ കമ്മീഷൻ കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് നടപ്പിലാക്കാൻ നിർദ്ദേശിച്ച ആശ്വാസ നടപടികൾ 11 പഞ്ചായത്തുകളിൽ മാത്രം നടപ്പിലാക്കിയതിനുള്ള കാരണം വിശദമാക്കുമോ;

(സി) ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശകളിൽ 11 പഞ്ചായത്തുകളിൽ മാത്രമേ ആശ്വാസ നടപടികൾ നടപ്പിലാക്കേണ്ടതുള്ളു എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം</u>

5000 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ പ്രശ്നവുമായി ബന്ധപ്പെട്ട് ഡോ. കെ.പി. അരവിന്ദൻ കമ്മറ്റിയുടെ പരിഗണനക്കുവിട്ട 3205 പേരിൽ 11 പഞ്ചായത്തുകൾക്ക് പുറത്തുള്ള എത്ര പേർ ആശ്വാസധനത്തിനർഹരായിട്ടുണ്ടെന്ന് പട്ടിക സഹിതം അറിയിക്കുമോ;

(ബി) ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ പ്രകാരമോ, സംസ്ഥാന സർക്കാർ മാനദണ്ഡപ്രകാരമോ ആശ്വാസ ധനത്തിനായി തെരഞ്ഞെടുത്തവരെ കൂടാതെയുള്ള മറ്റു ദുരിതബാധിതരുടെ കാര്യത്തിൽ ആശ്വാസ ധനം നൽകുന്നതിന് എന്തെങ്കിലും നടപടികളും സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട മറ്റ് ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>അന്തർ സംസ്ഥാന നദീജല കരാറുകൾ</u>

T5001 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഏർപ്പെട്ടിട്ടുള്ള അന്തർ സംസ്ഥാന നദീജല കരാറുകളുടെ വിശദാംശങ്ങളും കാലാവധിയും വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും കരാറുകൾ കാലഹരണപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ കരാറുകൾ വയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>അന്തർ സംസ്ഥാന നദീജല കരാറുകൾ</u>

5002 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളവും മറ്റു സംസ്ഥാനങ്ങളുമായുള്ള നദീജലം പങ്കുവെയ്ക്കുന്ന കരാർ വ്യവസ്ഥകൾ അടങ്ങിയ രേഖകളും പ്രമാണങ്ങളും സംസ്ഥാനത്തിന്റെ പക്കൽ ഉണ്ടോ; ഉണ്ടെങ്കിൽ ഏത് ഉദ്യോഗസ്ഥരാണ് പ്രസ്തുത രേഖകളുടെയും പ്രമാണങ്ങളുടെയും കസ്റ്റോഡിയൻ എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത രേഖകളോ പ്രമാണങ്ങളോ സംസ്ഥാനത്തു നിന്ന് നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?